(11) തിരൂരങ്ങാടി മണ്ഡലത്തിലെ നെൽക്കൃഷിക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, നെൽപ്പാടങ്ങളുടെ വിസ്തൃതി കുറഞ്ഞുവരുന്നതിൽ നമ്മളെല്ലാം ഇപ്പോൾ ആശങ്കാകുലരാണ്. ഇന്നും നെൽക്കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിക്കുന്ന ജനങ്ങളും നെൽപ്പാടങ്ങളും വളരെയേറെ ഉള്ള പ്രദേശമാണ് തിരൂരങ്ങാടി നിയോജകമണ്ഡലവും അതിനടുത്ത താനൂരും മലപ്പുറവും. അവിടെയുള്ള കർഷകർക്ക് ഒരുപാട് പ്രശ്നങ്ങളുണ്ട്. ആ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമമുണ്ടായില്ലെങ്കിൽ അവിടെയും നെൽപ്പാടങ്ങളുടെ വിസ്തൃതി കുറയുകയും കർഷകർ നെൽക്കൃഷിയിൽനിന്ന് മാറുകയും ചെയ്യും. നെൽക്കൃഷി വികസന ഏജൻസിയുടെ പരിധിയിൽപ്പെടാത്ത ആയിരക്കണക്കിന് ഹെക്ടർ കൃഷിയിടങ്ങളാണ് അവിടെയുള്ളത്. നെൽക്കൃഷി വികസന ഏജൻസിയുടെ പരിധിയിൽപ്പെടാത്തതുകൊണ്ട് കൃഷിക്കാരുടെ പ്രയാസങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് നടത്തുന്ന ശ്രമങ്ങളും അതിന്റെ ആനുകൂല്യങ്ങളും അവിടത്തെ കൃഷിക്കാർക്ക് ലഭിക്കുന്നില്ല. അതുകൊണ്ട് ഈ പ്രദേശത്തെ കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മലബാർ ജില്ലയിൽ ഒരു നെൽക്കൃഷി വികസന ഏജൻസി ഉണ്ടാകണം അല്ലെങ്കിൽ മറ്റ് ഏതെങ്കിലും സംവിധാനം ഉണ്ടാകണമെന്ന് ഞാൻ ആദ്യമായി അഭ്യർത്ഥിക്കുകയാണ്. തിരൂരങ്ങാടി നെൽക്കൃഷിക്കാർക്കു മാത്രമായി ചില പ്രശ്നങ്ങളുണ്ട്. അവിടെ നെൽകൃഷി നടത്തുന്നത് ലിഫ്റ്റ് ഇറിഗേഷനെ ആശ്രയിച്ചാണ്. അവിടത്തെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഇന്ന് കേടുപാടുകൾ വന്ന് പ്രയോജനരഹിതമായി തീർന്നിരിക്കുകയാണ്. ഇറിഗേഷൻ വകുപ്പിന്റെ കൈയിൽ പണം ഇല്ലാത്തതുകൊണ്ട് റിപ്പയർ നടക്കുന്നില്ല. അതുകൊണ്ട് കൃഷിവകുപ്പും ഇറിഗേഷൻ വകുപ്പും യോജിച്ചുകൊണ്ട് ജലസേചന സൗകര്യമുണ്ടാക്കി നെൽകൃഷിക്കാരെ സഹായിക്കണം. അതുപോലെ രാസവളങ്ങൾ ഉപയോഗിക്കുന്നതു കാരണം കൃഷിയിടങ്ങളിലെ ഫലഭൂയിഷ്ഠത കുറഞ്ഞിരിക്കുന്നു. അതുകൊണ്ട് ജൈവവളങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാനും അതോടൊപ്പം തന്നെ നല്ലയിനം വിത്തുകൾ കർഷകർക്ക് ലഭ്യമാക്കാനുമുള്ള നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, അദ്ദേഹം ഇവിടെ എഴുതി തന്നിരിക്കുന്നത് തിരൂരങ്ങാടി മണ്ഡലത്തിലെ കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങളാണ്. പക്ഷെ ഇവിടെ പറഞ്ഞത് മലപ്പുറം ജില്ലയിലെ പ്രശ്നങ്ങളാണ്. അതുകൊണ്ട് മലപ്പുറം ജില്ലയിലെ നെൽക്കൃഷിക്കാരെ സംരക്ഷിക്കാൻവേണ്ടി ഒരു ഏജൻസി വേണമെന്നുള്ള അഭിപ്രായം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുള്ളതാണ്. അതിന്റെ എല്ലാ വശങ്ങളും പരിശോധിച്ചശേഷം പറയാം. സംസ്ഥാനത്ത് നെൽക്കൃഷിക്കാർക്കു നൽകുന്ന എല്ലാ ആനുകൂല്യങ്ങളും തിരൂരങ്ങാടി നെൽക്കൃഷിക്കാർക്കും നൽകുന്നുണ്ട്. നെൽക്കൃഷിക്കാർക്ക് പ്രധാനമായിട്ടുള്ള വൈദ്യുതി സൗകര്യവും ഉൽപ്പാദന ബോണസ്സായി ഹെക്ടറിന് 350 രൂപയും നല്കുന്നുണ്ട്. 30,000 രൂപ വീതം സബ്സിഡി നൽകി 5 പവർ ടില്ലറുകൾ ഇതിനകം തന്നെ തിരൂരങ്ങാടി നെൽക്കൃഷിക്കാർക്കു കൊടുത്തിട്ടുണ്ട്. അതുപോലെതന്നെ 100% സബ്സിഡിയോടുകൂടി അവിടെ ജലസേചനത്തിന് പമ്പ് സെറ്റുകൾക്കായി 1.25 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. വള്ളിക്കുന്ന് പഞ്ചായത്തിൽ 100% സബ്സിഡി നിരക്കിൽ 2 പവർ ടില്ലറുകൾ അനുവദിച്ചിട്ടുണ്ട്. വിത്ത്, വളം, കീടനാശിനി എന്നിവയ്ക്ക് സംസ്ഥാന ഗവൺമെന്റ് മറ്റ് ഭാഗങ്ങളിൽ നൽകുന്ന

LIBRARY ARCHIVES Kerala Legislative Assembly

ആനുകൂല്യങ്ങൾ തിരുരങ്ങാടിയിലെ കൃഷിക്കാർക്കും നൽകിവരുന്നുണ്ട്. പിന്നെ അങ്ങ് പറഞ്ഞ ഒരു പ്രധാനപ്പെട്ട പ്രശ്നം നെൽകൃഷിക്കാർക്ക് ജല സേചനസൗകര്യം പ്രദാനംചെയ്യുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിലെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാണ്. അതിനുവേണ്ടി കൃഷിവകുപ്പിലെ ഉദ്യോഗസ്ഥന്മാർ ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പ് മന്ത്രിയുമായിട്ട് ആലോചിച്ച് മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലെ ഉയർന്ന ഉദ്യോഗസ്ഥന്മാരുമായിട്ട് ചർച്ചചെയ്ത് കൃഷിക്കാരുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി ഒരു സ്ഥിരം സമിതി അവിടെ രൂപീകരിക്കാൻ മുൻകൈയെടുക്കും.

(12) ഐ.എൻ.ടി.യു.സി.യുടെ നേതൃത്വത്തിൽ നടത്തുന്ന സെക്രട്ടേറിയറ്റ് മാർച്ച്

ശ്രീ. എ.കെ. മണി : സർ, ഐ.എൻ.ടി.യു.സി.യുടെ നേതൃത്വത്തിൽ ഇന്ന് പതിനായിരക്കണക്കിന് തൊഴിലാളികൾ സെക്രട്ടേറിയറ്റ് മാർച്ച് നടത്തുകയാണ്. ഇത് ഈ ഭാഗത്തെ പല എം.എൽ.എ.മാരുടെയും ആവശ്യമാണ്. ഞങ്ങളൊക്കെ തൊഴിലാളി പ്രവർത്തകരാണ്. അങ്ങനെയുള്ളവർ അപ്പുറത്തുമുണ്ട്. തൊഴിലാളികളുടെ പേര് പറഞ്ഞ് അധികാരത്തിൽ കയറിയ ഈ സർക്കാർ തൊഴിലാളികളെ വഞ്ചിച്ചിരിക്കുകയാണ്. ഒരു തൊഴിൽനയം പ്രഖ്യാപിക്കാതെ കഴിഞ്ഞ മൂന്നു വർഷമായി തൊഴിലാളികളെ പീഡിപ്പിക്കുകയാണ്. സർക്കാർ തൊഴിലാളി സംഘടനാ നേതാക്കളുമായി ആലോചിക്കാതെ തന്നെ ഒരു തൊഴിൽനയം പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ തൊഴിൽ നയം പ്രഖ്യാപിച്ചതു മുതൽ തൊഴിലാളികൾ പ്രകോപിതരാണ്. കയർ, കശുവണ്ടി, ഈറ്റ, തോട്ടം മേഖലകളിലെ തൊഴിലാളികൾ ഇന്ന് വളരെ ബുദ്ധിമുട്ടുകയാണ്. തൊഴിലാളി സംഘടനകളുമായി ആലോചിക്കാതെ പ്രഖ്യാപിച്ച ഈ തൊഴിൽനയം ഗവൺമെന്റ് പിൻവലിക്കുക, ഒരു പുതിയ തൊഴിൽനയം പ്രഖ്യാപിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുക, പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറക്കുക, അസംഘടിത തൊഴിലാളികളെ നിയമം മൂലം സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കുക, കറണ്ട് ചാർജ് വർദ്ധനവ് പിൻവലിക്കുക, വിലക്കയറ്റം തടയുക, വർദ്ധിപ്പിച്ച ബസ്സ് ചാർജ്ജ് പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങളാണ് ഇന്ന് ഈ മാർച്ചിൽ ഉന്നയിക്കുന്നത്. പ്ലാന്റേഷൻ മേഖലയെപ്പറ്റി പറയണ്ട. ഞാൻ തോട്ടം തൊഴിലാളികളിൽ ഒരംഗമാണ്. എനിക്ക് തോട്ടം തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ നേരിട്ടറിയാം. ഈ മേഖലയിലെ തൊഴിലാളികൾ അടിമപ്പണിയാണ് ചെയ്യുന്നത്. അവർക്കുവേണ്ടിയുള്ള നിയമങ്ങൾ നല്ല രീതിയിൽ നടത്താനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. കഴിഞ്ഞ മൂന്നു വർഷമായി പി.എൽ.സി. കൂടിയിട്ടില്ല. അതിന്റെ കാലാവധി 4 വർഷമാക്കിയതല്ലാതെ ഈ തൊഴിലാളികൾക്ക് യാതൊരു നേട്ടവും ഈ സർക്കാരിൽ നിന്നും ഇതുവരെ ഉണ്ടായിട്ടില്ല. തോട്ടം തൊഴിലാളികളുടെ വേതനത്തെക്കുറിച്ച് ചർച്ച ചെയ്യാൻ കൂട്ടാക്കാതെ സർക്കാരും തോട്ടമുടമകളും കൂടി ഒത്തുകളിക്കുകയാണ്. അതുകൊണ്ട് അടിയന്തിരമായി പി.എൽ.സി.കൂടി പണിയെടുക്കുന്ന ഈ തോട്ടം തൊഴിലാളികളുടെ വേതനം ഉടൻതന്നെ പരിഷ്ക്കരിക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, സമഗ്രമായ ഒരു തൊഴിൽനയം രൂപീകരിക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ആയതിലേക്ക് പ്രമുഖ വ്യവസായികളും

LIBRARY ARCHIVES Kerala Legislative Assembly